(ബി) കേരളത്തിൽ ഇപ്പോൾ ഈ രംഗത്ത് എത്ര വ്യവസായ സ്ഥാപനങ്ങൾ നിലവിലുണ്ടെന്നും അവ എവിടെയെല്ലാമാണെന്നും വെളിപ്പെടുത്തുമോ;

(സി) സോഫ്റ്റ്വെയർ വ്യവസായത്തിനാവശ്യമായ പശ്ചാത്തല സൗകര്യങ്ങൾ നൽകി കൂടുതൽ വ്യവസായികളെ കേരളത്തിലേയ്ക്ക് ആകർഷിക്കുവാൻ വേണ്ട പദ്ധതികൾ ആവിഷ്കരിക്കുമോ?

ഉത്തരം

(എ) സോഫ്റ്റ്വെയർ വ്യവസായ വികസനത്തിനായി എല്ലാവിധ ആധുനിക സജ്ജീകരണങ്ങളോടും കൂടിയ തിരുവനന്തപുരത്തുള്ള ടെക്നോപാർക്കിൽ കൂടുതൽ സൗകര്യങ്ങൾ ഒരുക്കി വിശദമായ ഒരു ഐ.ടി.നയം പ്രഖ്യാപിച്ചിട്ടുണ്ട്. കെ.എസ്.ഐ.ഡി.സി., സിഡ്ബി, കെ.എഫ്.സി.എന്നീ സ്ഥാപനങ്ങളുടെ മുതൽ മുടക്കോടെ ഐ.ടി. കമ്പനികൾക്കുവേണ്ടി 20 കോടി രൂപയുടെ ഒരു വെൻച്വർ ക്യാപിറ്റൽ ഫണ്ട് രൂപീകരിച്ചു. ടെക്നോപാർക്കിൽ ഒരു സ്കൂൾ ഓഫ് ഇൻഫർമേഷൻ ടെക്നോളജി ആന്റ് മാനേജ്മെന്റ് സ്ഥാപിക്കാനുള്ള നടപടികൾ ആരംഭിച്ചുകഴിഞ്ഞു. കൂടാതെ ജനകീയാസൂത്രണ പദ്ധതിയിൻകീഴിൽ സോഫ്റ്റ്വെയർ വ്യവസായത്തിനാവശ്യമായ അടിസ്ഥാന സൗകര്യങ്ങളോടുകൂടിയ ഏഴു സോഫ്റ്റ്വെയർ ടെക്നോളജി പാർക്കുകൾ തുടങ്ങുവാൻ തീരുമാനിച്ചിട്ടുണ്ട്. അതിൽ കൊച്ചി, കോഴിക്കോട്, പാലക്കാട്, തൃശ്ശൂർ പാർക്കുകൾ തുടങ്ങിക്കഴിഞ്ഞു. എറണാകുളത്ത് ഒരു ഹൈടെക് പാർക്ക് സ്ഥാപിക്കുന്നതിനുള്ള നടപടിയെടുത്തു.

(ബി) ടെക്നോപാർക്കിൽ 35 സോഫറ്റ്വെയർ കമ്പനികൾ പ്രവർത്തിക്കുന്നുണ്ട്. തിരുവനന്തപുരത്തുള്ള എസ്.ടി.പി.യുടെ കീഴിൽ 110 യൂണിറ്റുകൾ തുടങ്ങിക്കഴിഞ്ഞു.

(സി) അന്താരാഷ്ട്ര നിലവാരത്തിലുള്ള എല്ലാവിധ പശ്ചാത്തല സൗകര്യങ്ങളും തിരുവനന്തപുരത്തുള്ള ടെക്നോപാർക്കിൽ ലഭ്യമാണ്. കൂടാതെ ഗുണപരമായ അടിസ്ഥാന സൗകര്യങ്ങൾ തിരുവനന്തപുരത്ത് സ്ഥാപിച്ചിട്ടുള്ള സോഫ്റ്റ് വെയർ ടെക്നോളജി പാർക്കിലും ലഭ്യമാണ്. എറണാകുളത്ത് 200 ഏക്കറിൽ ഹൈടെക് പാർക്ക് സ്ഥാപിക്കുന്നതിനുള്ള നടപടിയെടുത്തു വരുന്നു.

26 (582) കയർഫെഡിന്റെ വികസനം

ശ്രീ. പി.ജെ. ഫ്രാൻസിസ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കയർഫെഡിന്റെ വികസനത്തിനായി എന്തൊക്കെ പ്രവർത്തനങ്ങൾ നടപ്പാക്കുവാൻ ഉദ്ദേശിക്കുന്നുവെന്ന് വ്യക്തമാക്കുമോ;

(ബി) 1998-99 കാലയളവിൽ ഈ സ്ഥാപനം എത്രരൂപയുടെ വിൽപ്പന നടത്തിയെന്ന് വ്യക്തമാക്കുമോ;

(സി) ഈ വർഷം ഇതുവരെ എത്ര രൂപയുടെ വിൽപ്പന നടത്തിയെന്ന് വിശദമാക്കുമോ;

(ഡി) സഹകരണമേഖലകളിൽ ഉൽപ്പാദിപ്പിക്കുന്ന കയറും കയറുൽപ്പന്നങ്ങളും കെട്ടിക്കിടക്കുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(ഇ) എങ്കിൽ ഈ പ്രതിസന്ധി തരണം ചെയ്യുവാൻ എന്ത് നടപടി സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുവെന്ന് വിശദീകരിക്കുമോ?

ഉത്തരം

(എ) കയർഫെഡിന്റെ വികസനത്തിനായി താഴെപ്പറയുന്ന പദ്ധതികൾ നടപ്പാക്കാനുദ്ദേശിക്കുന്നു.

(1) പുതിയ വിൽപ്പനശാലകൾ സ്ഥാപിക്കുക.
(2) റിസർച്ച്&ഡെവലപ്മെന്റ് സെന്റർ ആരംഭിക്കുക.
(3) റബ്ബറൈസ്ഡ് കയർമെത്തകൾ, കുഷ്യനുകൾ എന്നിവ നിർമ്മിക്കുന്ന ഒരു ഫാക്ടറി സ്ഥാപിക്കുക.
(4) ചകിരിയും പോളീകയറും ഉപയോഗിച്ചുള്ള കയർ വിനിയർ ബോർഡുകൾ നിർമ്മിക്കുന്നതിനുള്ള ഫാക്ടറി സ്ഥാപിക്കുക.
(5) കയറും കയറുൽപ്പന്നങ്ങളും സംഭരിക്കുന്നതിനായി 6000 ച.മീറ്റർ വിസ്തീർണ്ണമുള്ള ഗോഡൗൺ ചേർത്തല കയർപാർക്കിൽ നിർമ്മിക്കുക.
(6) എൻ.സി.ഡി.സി.യുടെ സാമ്പത്തിക സഹായത്തോടെ ഒരു കോടി രൂപ മുതൽമുടക്കി കയർ ഫെഡിന്റെ ഓഫീസുകൾ കമ്പ്യൂട്ടർവൽക്കരിക്കുക.

(ബി) 1998-99 കാലയളവിൽ കയർഫെഡ് 21.7 കോടി രൂപയുടെ കയറും കയറുൽപ്പന്നങ്ങളും വിൽപ്പന നടത്തിയിട്ടുണ്ട്.

(സി) ഈ വർഷം ഇതുവരെ (30-11-99) കയർഫെഡ് 16 കോടി രൂപയുടെ കയറും കയറുൽപ്പന്നങ്ങളും വിൽപ്പന നടത്തിയിട്ടുണ്ട്.

(ഡി) ഉണ്ട്

(ഇ) ഈ സഹകരണമേഖലയിൽ ഉൽപ്പാദിപ്പിക്കുന്ന കയർ, അപ്പക്സ് സംഘമായ കയർഫെഡ് വാങ്ങുന്നുണ്ട്. എന്നാൽ കയർ വിറ്റഴിക്കാതെ കെട്ടിക്കിടക്കുന്ന സ്ഥിതിവിശേഷം കയർഫെഡിന് ഉണ്ട്. കയർ, കയറുൽപ്പന്നങ്ങൾ എന്നിവയുടെ വിൽപ്പന ത്വരിതപ്പെടുത്തുന്നതിനും പ്രതിവർഷം 90 ദിവസം 20% നിരക്കിൽ റിബേറ്റ് അനുവദിക്കുന്നു. കൂടാതെ കയർഫെഡ് സ്പെഷ്യൽ റിബേറ്റ് നൽകിയും കയർ വിറ്റഴിക്കുന്നതിന് നടപടി സ്വീകരിച്ചു വരുന്നു.

27 (583) ചെറുകിട ഗ്രാമീണ വ്യവസായങ്ങളുടെ പുരോഗതി

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. കെ.സി. വേണുഗോപാൽ :
ശ്രീമതി റോസമ്മ ചാക്കോ :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീമതി രാധാ രാഘവൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദാരിദ്ര്യനിർമ്മാർജ്ജനത്തിന് ആക്കം കൂട്ടുന്നതിൽ ചെറുകിട ഗ്രാമീണ വ്യവസായങ്ങൾ മെച്ചപ്പെടുത്തേണ്ടതുണ്ടെന്ന് ഗവൺമെന്റ് കരുതുന്നുണ്ടോ;

(ബി) എങ്കിൽ അതിനുവേണ്ടി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്;

(സി) ഈ നടപടികളുടെ ഫലമായി ചെറുകിട വ്യവസായരംഗത്ത് എന്തെല്ലാം മാറ്റം വരുത്താൻ കഴിഞ്ഞിട്ടുണ്ടെന്ന് വിശദമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly